## ജി. എൽ. പി.എസ്. മുള്ളൂർ

# അക്കാദമിക
# മാസ്റ്റർ പ്ലാൻ




# 2025 - 26

2

## ആമുഖം

തൃശ്ശൂർ ജില്ലാ ആസ്ഥാനത്തുനിന്ന് ഏകദേശം 14 കി.മീ വടക്കുപടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്ന പ്രകൃതിരമണീയമായ ഗ്രാമമാണ് മുള്ളൂർ. മുള്ളൂർ കായലിനാലും പാടശേഖരങ്ങളാലും ചുറ്റപ്പെട്ടുകിടക്കുന്ന ഈ പ്രദേശത്തിന് തനതായ ഒരു പാരമ്പര്യമുണ്ട്, സംസ്കാരമുണ്ട്. കൂടുതലായും കാർഷിക സംസ്കാരത്തിലൂന്നിയാണ് ഇവിടെത്തെ ജനത വളർന്നുവന്നിരിക്കുന്നത്. ഈ നാടിന്റെ നാല് കിലോമീറ്റർ ചുറ്റളവിലുള്ള ഏകപൊതുവിദ്യാലയമെന്ന നിലയ്ക്ക് ഒരു ജനതയുടെ മുഴുവൻ സ്വപ്നങ്ങളും പ്രതീക്ഷകളുമാണ് ഈ വിദ്യാലയത്തെ ചുറ്റിപ്പറ്റിയുള്ളത്.

ജാതി, മത, ലിംഗ, സാമ്പത്തിക ഭേദമന്യേ ഗുണമേൻമയുള്ള വിദ്യഭ്യാസം ഏതൊരു പൗരനുമെത്തിക്കുന്നതിന് ഈ വിദ്യാലയം പ്രതിജ്ഞാബന്ധമാണ്. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനായുള്ള ക്രിയാപദ്ധതികൾ ഏറ്റെടുത്തിരിക്കുകയാണ്. ചുറ്റുപാടുമുള്ള അൺ എയ്ഡഡ്, സി.ബി.എസ്.ഇ വിദ്യാലയങ്ങൾ മുന്നോട്ടുവെക്കുന്നതിലും മികച്ച പഠനാന്തരീക്ഷം ഇവിടെ ഒരുക്കാനായാൽ രക്ഷിതാക്കൾ മറ്റു വിദ്യാലയങ്ങൾ തേടിപ്പോകില്ല.

അതിനാൽ വ്യക്തമായ മുന്നൊരുക്കങ്ങളിലൂടെ സമയബന്ധിതമായി പൂർത്തിയാക്കാവുന്ന ഒരു സമഗ്ര മാസ്റ്റർ പ്ലാനിനാണ് ഇവിടെ തുടക്കം കുറിക്കുന്നത്.

# പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | തോളൂർ |
| സി.ആർ.സി | ജി എൽ പി എസ് മുളളൂർ |
| സബ് ജില്ല | തൃശ്ശൂർ വെസ്റ്റ് |
| സ്കൂളിന്റെ പേര് | : ജി എൽ പി എസ് മുളളൂർ |
| താലൂക്ക് | : തൃശ്ശൂർ |
| ബി.ആർ.സി | : പുഴയ്ക്കൽ |
| വിദ്യഭ്യാസ ജില്ല | : തൃശ്ശൂർ |
| റവന്യൂ ജില്ല | : തൃശ്ശൂർ |
| റവന്യൂ വില്ലേജ് | : ചാലയ്ക്കൽ |
| വിദ്യഭ്യാസ മാനേജ്മെന്റ് | : ഗവൺമെന്റ് |
| വിദ്യാലയത്തിലെ ഉയർന്ന ക്ലാസ്സ് | : 4 |
| വിദ്യാലയ സ്ഥലം | : സ്വന്തം |
| വിസ്തീർണം | : 325 സെന്റ് |
| വിദ്യാലയം സ്ഥാപിച്ച വർഷം | : 1961 |
| പ്രീപ്രൈമറി ആരംഭിച്ചത് | : 2015 |
| മൊത്തം ക്ലാസ്സുകൾ | : ഒന്നാം ക്ലാസ്സുമുതൽ നാലാം ക്ലാസ്സ് വരെ |
| അധ്യാപകരുടെ എണ്ണം | : 4 |

## മുള്ളൂർ ജി. എൽ. പി. എസിന്റെ വികസന കാഴ്ചപ്പാട്

പൊതുവിദ്യാലയമായ ജി. എൽ. പി. സ്കൂൾ മുള്ളൂർ ഗ്രാമത്തിന്റെയാകെ വികസനത്തിന് ചുക്കാൻ പിടിച്ച സരസ്വതീക്ഷേത്രമാണ്. കൃഷി മാത്രം ചെയ്ത് ജീവിച്ചിരുന്ന ഇവിടുത്തെ ജനങ്ങളെ ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് സമൂഹത്തിന്റെ നാനാ മണ്ഡലങ്ങളിലേക്കും ഉയർത്താൻ സഹായിച്ചത് മറ്റൊന്നുമല്ല.

ചുറ്റുപാടുമുള്ള സി. ബി. എസ്. ഇ. വിദ്യാലയങ്ങളിൽ പോകുന്ന വിദ്യാർത്ഥികളെ മുഴുവൻ ഇവിടേക്ക് ആകർഷിക്കാനുതകുന്ന പ്രവർത്തനങ്ങൾ രണ്ടു വർഷം കൊണ്ട് പ്രാവർത്തികമാക്കുന്ന കാഴ്ചപ്പാടാണ് ഈ വിദ്യാലയത്തിനുള്ളത്. അറിവ് പുറം തള്ളുന്ന വെറും യന്ത്രങ്ങൾ മാത്രമാക്കി കുട്ടിയെ മാറ്റാതെ വീടിനും നാടിനും ഉപകാരികളായ നല്ല പൗരന്മാരാക്കി വളർത്തുന്ന ഉത്തരവാദിത്വമാണ് ഏറ്റെടുക്കുന്നത്. ആധുനിക സാങ്കേതിക വിദ്യ ഉപയുക്തമാക്കി ശിശുമനശാസ്ത്ര ത്തിലധിഷ്ഠിതമായ പഠനരീതികൾ കൊണ്ട് ഈ ലക്ഷ്യം സാധിക്കുമെന്നതിൽ സംശയമില്ല. ഏതൊരു വിദ്യാർത്ഥി വിചക്ഷണനും ചൂണ്ടികാട്ടുന്ന പഠനാന്തരീക്ഷമാണ് ഇവിടെ[illegible]ക്കുന്നത്.

മൂന്നര ഏക്കറിൽ ശുദ്ധവായു - ശുദ്ധജലം മരങ്ങളോടും [illegible] പൂക്കളോടും ചെടികളോടും കിളികളോടും സംവദിക്കാൻ [illegible] ഇവിടെ തയ്യാറായി കഴിഞ്ഞു. അക്കാദമിക പ്രവർത്തനങ്ങളിൽ [illegible] പൊടിക്കൈകൾ കൂടി ചേർത്ത് സ്വയം പഠന[illegible] വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതാണ്.

# വിദ്യാലയത്തിന്റെ പരിമിതികൾ

ഈ വിദ്യാലയത്തിന്റെ സൗകര്യങ്ങൾ ആദ്യകാലങ്ങളിൽ നുകർന്നവർ തങ്ങളുടെ മക്കളെ ഈ വിദ്യാലയത്തിൽ തന്നെ ചേർത്ത് പഠിപ്പിച്ചു. പക്ഷേ അടുത്ത തലമുറ ജീവിതസാഹചര്യങ്ങൾ വർദ്ധിച്ചപ്പോൾ അനുകരണത്തിന്റേയും സ്റ്റാറ്റസിന്റേയും പേര് പറഞ്ഞ് തങ്ങളുടെ മക്കളെ ഇവിടെ ചേർക്കുന്നില്ല. പ്രൈവറ്റ് സ്കൂളുകളുടെ വാഹനങ്ങളിൽ തങ്ങളുടെ കുട്ടികളെ തള്ളിക്കയറ്റി വിടുകയാണിന്ന്. അവിടെ ലഭിക്കുന്ന സൗകര്യങ്ങൾ ഒരുപടി മുന്നിൽ ഇവിടെയും ലഭ്യമാക്കാനായാൽ അങ്ങോട്ടുള്ള കുത്തൊഴുക്ക് നിലയ്ക്കും.

സർക്കാർ ഏറ്റെടുത്ത പ്രീപ്രൈമറിയുടെ അഭാവവും ഇവിടെയുണ്ട്. ബാലാരിഷ്ടതകളിൽപ്പെട്ടുഴലുന്ന പി. ടി. എ. നടത്തുന്ന പ്രീ പ്രൈമറിയാണ് വിദ്യാലയത്തെ അൽപമെങ്കിലും പിടിച്ചുനിർത്തുന്നത്. നാല് കിലോമീറ്റർ ചുറ്റളവിൽ എല്ലാവിധ സൗകര്യങ്ങളോടുകൂടിയ ഒരു നഴ്സറി സകൂൾ സർക്കാർ ഏറ്റെടുത്ത് ഇവിടെ നടത്തേണ്ടതുണ്ട്.

<u>അധ്യാപകർ / ജീവനക്കാർ</u>

<u>അടിസ്ഥാന വിവരങ്ങൾ</u>

| ക്രമനമ്പർ | അധ്യാപകരുടെ / ജീവനക്കാരുടെ പേര് | തസ്തിക | ക്ലാസ്സ് | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| 1. | ഷീജ ടി.കെ | HM | 2 | TTC , B.Ed |
| 2. | നിഷമോൾ കെ | PD ടീച്ചർ | <u>3</u> | TTC , B.Ed |
| 3. | പ്രിൻസി ഇ. റ്റി | PD ടീച്ചർ | 1 | TTC |
| 4. | അഞ്ജലി കെ. എം | LPST | 4 | TTC, B.Ed |
| 5. | വർഗ്ഗീസ് ഇ.എൽ | PTCM | | <u>SSLC</u> |

# അക്കാദമിക ലക്ഷ്യങ്ങൾ

1. ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പിക്കുക
2. ഭാഷ ശേഷി വികസനം
3. ഐടി അധിഷ്ഠിത പഠനം
4. പ്രീ പ്രൈമറി വിദ്യാഭ്യാസം
5. ലൈബ്രറി ലാബ് വികസനം
6. ക്ലാസ് പിടിഎ പൂർവ്വ വിദ്യാർത്ഥി സംഘടന ഇവ ശക്തിപ്പെടുത്താൻ
7. വിദ്യാലയവും പൊതു സമൂഹവും കൊടുക്കൽ വാങ്ങലുകൾ
8. കലാകായിക പ്രവർത്തി പരിചയം പഠന സാഹചര്യങ്ങൾ ഒരുക്കൽ
9. നേതൃത്വ പരിശീലന പരിപാടികൾ
10. സമഗ്ര ആരോഗ്യ ശുചിത്വ പരിപാടികൾ
11. എൻറിച്ച് പ്രവർത്തനങ്ങളുടെ ഏകോപനം ഓരോ ക്ലാസിലും
12. ഇംഗ്ലീഷ് ആശയവിനിമയശേഷി വർദ്ധിപ്പിക്കൽ
13. നൂതന ഗണിത പഠന സമീപനങ്ങൾ
14. ഉല്ലാസ ഗണിത പഠനം ഗണിത വിജയം ശില്പശാലകൾ
15. സചിത്ര നോട്ടുപുസ്തകം സംയുക്ത ഡയറി എന്നിവ ഉൾപ്പെടുത്തുന്നതിലൂടെയുള്ള നേട്ടങ്ങൾ
16. വിവരസാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ ക്ലാസ് മുറികളിൽ ഉപയോഗപ്പെടുത്തൽ
17. സർഗാത്മക ഡയറി കാവ്യോത്സവം കാവ്യാവിഷ്കാരം റീഡേഴ്സ് തിയേറ്റർ എന്നിവ ഉൾപ്പെടുത്തുന്നതിലൂടെയുള്ള നേട്ടങ്ങൾ
18. പുതുതലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.

## ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- ആവശ്യമായ ഭൗതിക സൗകര്യവും ഉപകരണങ്ങളുടെ ലഭ്യതയും ഉറപ്പാക്കിയാൽ ചിട്ടയായ പരിശീലനത്തിലൂടെ കുട്ടികളെ മികച്ച കായിക ശേഷി കായിക ക്ഷമതയുള്ളവരാക്കി മാറ്റാൻ കഴിയും
- കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് ഭക്ഷണം കഴിക്കുന്നതിനുള്ള പാത്രങ്ങൾ സൗകര്യമുള്ള ഡൈനിങ് ഹാൾ
- എല്ലാ കുട്ടികൾക്കും ഇരുന്നു വായിക്കുന്നതിനുള്ള റീഡിങ് റൂം സജ്ജമാക്കുക
- ലൈബ്രറിയിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കുക
- എല്ലാ ക്ലാസ്സുകളിലും അധിക വായനയ്ക്കുള്ള പുസ്തകങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കുക
- വിദ്യാലയത്തിൽ മൾട്ടിമീഡിയ റൂമുകൾ സജ്ജമാക്കുക
- ജൈവവൈവിധ്യ ഉദ്യാനം നവീകരണം ശലഭോദ്യാനം നിർമ്മാണം.
- പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന് എല്ലാ ക്ലാസ്സുകളിലും ശാസ്ത്ര മൂല ഉറപ്പാക്കുക
- ശാസ്ത്ര മൂല ക്രമീകരിക്കാൻ ആവശ്യമായ ഫർണിച്ചറുകളുടെയും ഉപകരണങ്ങളുടെയും ലഭ്യത
- ലാബ് സജ്ജീകരിക്കാൻ ആവശ്യമായ മുറികളുടെ ലഭ്യത
- മികച്ച സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം രൂപവൽക്കരിക്കൽ
- കുട്ടികളുടെ താൽപര്യത്തിനും അഭിരുചിക്കും അനുസൃതമായ കളി ഉപകരണങ്ങൾ കളിസ്ഥലത്ത് സ്ഥാപിക്കൽ
- വിദ്യാലയത്തിലെ തണൽ മരങ്ങളും ഔഷധമരങ്ങളും സംരക്ഷിക്കുക
- നിലവിലെ പൂന്തോട്ടം ആകർഷകമാക്കുക
- വിദ്യാലയം മികവുകൾ സമൂഹത്തിൽ കൂടി പ്രദർശിപ്പിക്കാനുള്ള അവസരം
- ആധുനിക രീതിയിലുള്ള സ്കൂൾ കെട്ടിടം ചുറ്റുമതിൽ കളിസ്ഥലം എന്നിവ ഒരുക്കുക
- പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി ചെസ് പഠന ക്ലാസ് സംഘടിപ്പിക്കുക
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രീതിയിൽ കരാട്ടെ ക്ലാസുകൾ സംഘടിപ്പിക്കുക
- വിദ്യാലയം തന്നെ പുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം മാറ്റിയെടുക്കുക
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണക പഠനത്തിനും അവസരം ഒരുക്കുക
- പച്ചക്കറിത്തോട്ടം നവീകരണം, ഉദ്ഘാടനം
- ശാരീരിക മാനസിക ആരോഗ്യത്തിന് യോഗ , Zumba ക്ലാസുകൾ സംഘടിപ്പിക്കുക.

## ഭാഷാ ശേഷി വികസനം - മലയാളം

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | കുട്ടിക്ക് എഴുതാനും വായിക്കാനുള്ള ശേഷി നേടുന്നത്. | ക്ലാസിലെ ചുവരിലെ കുട്ടിയുടെ പൊക്കത്തിനുള്ള ബോർഡിൽ കളർചോക്കുപയോഗിച്ച് കുട്ടികൾ അക്ഷരങ്ങൾ എഴുതുന്നു. | ഒന്ന് രണ്ട് ക്ലാസുകളിൽ ദിവസവും ചെയ്യേണ്ട പ്രവർത്തനങ്ങൾ. | അധ്യാപകർ | അക്ഷരങ്ങളും വാക്യങ്ങളും പരിപരിശീലിപ്പിക്കുന്ന പുസ്തകം. | പി.റ്റി.എ |
| 2. | ആശയങ്ങളുടെ സ്പഷ്ടീകരണം | മാതൃഭാഷയിലുള്ള പ്രസംഗപരിശീലനം, വായനക്കുറിപ്പ് തയ്യാറക്കൽ. പത്രവായന, അസംബ്ളിയിൽ നടത്തൽ | മൂന്ന് നാല് ക്ലാസുകളിൽ നിശ്ചിത സമയത്ത് ചെയ്യുന്നു. | എല്ലാ അധ്യപകരും | കുട്ടികളുടെ പുസ്തകങ്ങൾ, പത്രങ്ങൾ, മാസികകൾ | പി.റ്റി.എ |
| 3. | കുട്ടിക്ക് എഴുതുവാനും,വായിക്കാനുമുള്ള ശേഷി | വാക്കുകളിൽ നിന്നും വാചകങ്ങളിലേക്ക് പരിശീലനം. സാഹിത്യ രചനാക്ലാസുകൾ | രണ്ട് മൂന്ന് നാല് ക്ലാസുകളിൽ ചെയ്യുന്നു. | അധ്യാപകർ,രക്ഷിതാക്കൾ | മാസികകൾ, സിഡികൾ, കുട്ടിയുടെ പുസ്തകങ്ങൾ | പി.റ്റി.എ |
| 4. | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിന് | വായനാസാമഗ്രികൾ ഉപയോഗിച്ച് ആഭരണം ചേർക്കൽ, വാക്കുകൾ കണ്ടെത്താം. എന്നീ പ്രവർത്തനങ്ങൾ ചെയ്യൽ | ഒന്ന്, രണ്ട് ക്ലാസ്സുകളിൽ പരിശീലിപ്പിക്കുന്നു. | അധ്യാപകർ | വായനക്കാർഡുകൾ, ചിഹ്നങ്ങൾ, രേഖപ്പെടുത്തിയ കാർഡുകൾ | പി.റ്റി.എ |

സർഗ്ഗാത്മക ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ലേഖന ശേഷി വർദ്ധിപ്പിക്കുന്നു | ദിവസത്തെ പ്രധാന സംഭവത്തെ അതിൻെറ വൈകാരികതയോടെ എഴുതിവയ്ക്കുന്നു | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | പിടിഎ |

കാവ്യോത്സവം

| | | | | |
|---|---|---|---|---|
| കവിത പഠനത്തിൻെറ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | • കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം<br>• നാടൻ പാട്ടുകളുടെ ശേഖരണം / ശില്പശാല | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ ക്ലാസ് പിടിഎ പിടിഎ HM | PTA |

കാവ്യാവിഷ്കാരം

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് കവിതകൾ വായിക്കുന്നതിനും താളത്തിൽ ചൊല്ലി ആസ്വദിക്കുന്നതിനുള്ള കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കൽ | കവിതയുടെ ഈണം താളം ഭാവം ആശയം എന്നിവ ചർച്ച ചെയ്യു ആശയവ്യാഖ്യാനം നടത്തി കാവ്യാവിഷ്കാരമായി അവതരിപ്പിക്കുന്നു | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ HM SRG CPTA | PTA |

റീഡേഴ്സ് തിയേറ്റർ

| | | | | |
|---|---|---|---|---|
| ഭാഷാ പഠനത്തിൻെറ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ ക്ലാസ് പിടിഎ SRG PTA hm | PTA |

പിന്നോക്കാവസ്ഥ പരിഹരിക്കൽ

| | | | | |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ | ലക്ഷ്യം നേടുന്നതു വരെ | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |

# ഐസിറ്റി പ്രവർത്തനങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിസോഴ്സ് | സാമ്പത്തിക |
|---|---|---|---|---|---|
| ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ കൂടുതൽ രസകരമാക്കുന്നതിന് | സിഡി ലൈബ്രറിയിലെ സിഡികൾ ഉപയോഗിച്ച് കവിത കേൾപ്പിക്കുന്നു. കവി പരിചയം നടത്തുന്നു | ആവശ്യം വരുന്ന സമയങ്ങളിൽ | അദ്ധ്യാപകർ | സിഡികൾ ഇന്റർനെറ്റ് | പി.ടി.എ |
| സാമൂഹ്യശാസ്ത്ര സയൻസ് സുഗമമാക്കുന്നതിന് | വർക്ക് ഷീറ്റുകൾ നൽകുന്നു. റൂട്ട് മാപ്പുകൾ മനസ്സിലാക്കുന്നു. സയൻസിന്റേയും ട്യൂബ് വീഡിയോകൾ ഉപയോഗപ്പെടുത്തുന്നു. | ആവശ്യം വരുന്ന സമയങ്ങളിൽ | അദ്ധ്യാപകർ | ലാപ്ടോപ്പ് സിഡികൾ ഇന്റർനെറ്റ് | പി.ടി.എ |
| കംപ്യൂട്ടറിന്റെ ഭാഗങ്ങൾ പരിചയപ്പെടുന്ന കംപ്യൂട്ടർ വൈദഗ്ദ്യം നേടുന്നതിന് | റിസോഴ്സ് സിഡികൾ പ്രദർശിപ്പിക്കുന്നു. കളിപ്പെട്ടി പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു. | ദൈനംദിന പ്രവർത്തനം | അദ്ധ്യാപകർ | കംപ്യൂട്ടർ പാഠപുസ്തകം ലാപ്ടോപ്പ് | പി.ടി.എ |

## പ്രീപ്രൈമറി വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| ശാസ്ത്രീയമായ പ്രീ - പ്രൈമറി വിദ്യാഭ്യാസം | പ്രീ- പ്രൈമറിക്ക് ഉച്ചഭക്ഷണം, കളിയുപകരണങ്ങൾ എന്നിവ ഒരുക്കൽ | ഒരു വർഷം | പി.റ്റി. എ SMC | അദ്ധ്യാപകർ | പി. റ്റി.എ എസ്.എം.എ |
| 2014 ൽ ആരംഭിച്ച പ്രീ പ്രൈമറിക്ക് സർക്കാർ വേതനം നൽകൽ | എ.എൽ.എ യ്ക്ക് നിവേദനം തദ്ദേശ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്ക് അവസ്ഥ ബോധ്യപ്പെടുത്തൽ | 3 മാസം | പി.ടി.എ ഒ.എസ്.എ | പി.ടി.എ അദ്ധ്യാപകർ | |
| എൽ. കെ.ജി, യു. കെ.ജി ക്ലാസ്സുകൾ മോടിപ്പിടിപ്പിക്കൽ | ശിശുസൗഹൃദ ക്ലാസ് മുറികളൊരുക്കൽ സ്വയം പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഒരു വർഷം | പഞ്ചായത്ത് | പ്രീപ്രൈമറി അദ്ധ്യാപിക | ഒരു ലക്ഷം രൂപ |

## വിദ്യാലയവും പൊതുസമൂഹവും-കൊടുക്കൽ വാങ്ങലുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| വിദ്യാലയത്തെ നാട്ടുകാർക്കും മറ്റ് സ്കൂളുകൾക്കുമുള്ള പഠനകേന്ദ്രമാക്കൽ | ജൈവവൈവിധ്യഉദ്യാനം<br>ഔഷധത്തോട്ടം<br>ശലഭോദ്യാനം<br>ഫലവൃക്ഷത്തോട്ടം | 2 വർഷം<br>6 മാസം<br>6 മാസം<br>2 വർഷം | പി.ടി.എ<br>"<br>"<br>" | പി.ടി.എ<br>[illegible] പഞ്ചായത്ത്<br>"<br>"<br>" | 1 ലക്ഷം<br>"<br>"<br>" |
| പക്ഷി നിരീക്ഷണം | പക്ഷി നിരീക്ഷകർക്കുവേണ്ട സൗകര്യങ്ങളൊരുക്കൽ | 6 മാസം | പി. ടി. എ | പി.ടി.എ | 50000 രൂപ |
| കൃഷിയെ പരിചയപ്പെടൽ | മറ്റ് സ്കൂളുകൾക്ക് കൃഷി സന്ദർശിക്കാൻ അവസരമൊരുക്കൽ | 6 മാസം | അദ്ധ്യാപകർ | കൃഷിവകുപ്പ്<br>അദ്ധ്യാപകർ | |
| ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ | വായനശാലയുടെ നേതൃത്വത്തിൽ മോട്ടിവേഷണൽ ക്ലാസുകൾ ഫ്രന്റ്സ് ഓഫ് നേച്വർ പോലുള്ള സംഘടനകളുടെ പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കൽ | 3 മാസം<br>1 വർഷം | അദ്ധ്യാപകർ | സന്നദ്ധ സംഘടനകൾ | |

## ക്ലാസ്സ് പി. ടി. എ പൂർവ്വ വിദ്യാർത്ഥി സംഘടന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് പി. ടി. എ പൂർവ്വവിദ്യാർത്ഥി സംഘടന ഇവ മെച്ചപ്പെടുത്തൽ | **സി. പി. ടി. എ** | | | |
| | എല്ലാ മാസവും നിശ്ചിത ശനിയാഴ്ചകളിൽ ക്ലാസ്സ് പി. ടി. എ യോഗം, | മാസം | ക്ലാസ്സ് ടീച്ചർ | |
| | ക്ലാസ്സ് പി. ടി. എ കൂട്ടായ്മയുടെ കലാപരിപാടികൾ | 3 മാസം | H.M | 500 രൂപ |
| | കുട്ടികളുടെ പ്രകടനങ്ങളും ഉൽപ്പന്നങ്ങളും നവമാധ്യമങ്ങളിലൂടെ പങ്കുവെക്കൽ | എല്ലാ മാസവും | H.M | |
| | മൂന്നുമാസത്തിലൊരിക്കൽ ഫീൽഡ് ട്രിപ്പ് | 3 മാസം | H.M | 500 രൂപ |
| | ഒ. എസ്. എ ഗൃഹ സന്ദർശനം | ഒരു വർഷം | O. S. A കൺവീനർ | |
| | സ്കൂൾ ലൈബ്രറി ഒ. എസ്. എ അംഗങ്ങളുടെ നേതൃത്വത്തിൽ വിപുലപ്പെടുത്തൽ | " | " | |
| | ജൈവവൈവിധ്യപാർക്കിൽ ഒ. എസ്. എ യുടെ പങ്കാളിത്തം | " | " | |
| | പച്ചക്കറികൃഷി ഒ. എസ്. എ യുടെ ആഭിമുഖ്യത്തിൽ അദ്ധ്യാപകരില്ലാത്തപ്പോഴും | " | " | 1500 രൂപ |
| | എൽ എസ്. എസിനും ഒ. എസ്. എ ടീമംഗങ്ങളുടെ ക്ലാസ്സുകൾ | " | " | |

## ലാബ് - ലൈബ്രറി ശാക്തീകരണം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| ക്ലാസ്സ് ലാബുകളുടെ നിർമ്മാണം | അതാത് ക്ലാസ്സുകളുടെ പഠനങ്ങളുടെ വിനിമയത്തിന് ആവശ്യമായ സാമഗ്രികൾ ക്ലാസ്സ് റൂമുകളിൽ | ദൈനംദിന ഉപയോഗം | അദ്ധ്യാപകർ കുട്ടികൾ [illegible] | ലാബ് ഉപകരണങ്ങൾ [illegible] | പി ടി എ |
| നേരിട്ടുള്ള അനുഭവത്തിലൂടെ കണ്ടെത്തലിലൂടെ പഠനം | തയ്യാറാക്കിയ ഷെൽഫുകളിൽ ഒരുക്കി പഠനം ക്രിയാത്മകവും രസകരവുമാക്കി മാറ്റുന്നു | | | | |
| കുട്ടികളുടെ സർഗപരമായ കഴിവുകൾ വികസ്പ്പിക്കുന്നതിന് | ഓരോ ക്ലാസ്സിനും സ്വന്തമാക്കി ലൈബ്രറി വായനമൂല ഒരുക്കൽ പുസ്തകം പരിചയപ്പെടൽ ആസ്വാദനകുറിപ്പ് തയ്യാറാക്കൽ പുസ്തകശേഖരണം. | സമയബന്ധിതമായി നടത്തുന്നു | അദ്ധ്യാപകർ | പ്രാദേശിക വായനശാലകളുടെ സഹായം | പി ടി എ |

## പ്രതിഭകൾക്കുള്ള എൻറിച്ച്മെന്റ് പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| ഇവിടെനിന്നുംപഠിച്ചിറങ്ങുന്ന കുട്ടികളെ മറ്റാരേക്കാളും മികച്ചവരാക്കുക | 1. അസംബ്ലിയിൽ ജി.കെ ക്വിസ്<br>2. ഗണിത പസിൽ ബോക്സ്<br>3. പ്രതിഭകൾക്ക് പരീക്ഷണങ്ങൾ ചെയ്യാൻ സൗകര്യമൊരുക്കൽ<br>4. ഇന്റർനെറ്റ് ഉപയോഗപരിപാലനം<br>5. വീഡിയോ ക്ലാസ്സുകൾ<br>6. ഡോക്യുമെന്ററി പ്രവർത്തനങ്ങൾ | എല്ലാ ദിനവും<br>ആഴ്ചതോറും<br>1 വർഷം<br>1 മാസം<br>1 വർഷം<br>1വർഷം | പ്രധാനദ്ധ്യാപകൻ<br>അദ്ധ്യാപകർ<br>"<br>"<br>" | പ്രധാനദ്ധ്യാപകൻ<br>അദ്ധ്യാപകർ<br>"<br>"<br>" | |
| സ്കോളർഷിപ്പ് നേടൽ | 1. എൽ. എസ്.എസ് കോച്ചിംഗ്<br>2. ഇംഗ്ലീഷ് ഗ്രാമർ, കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾ | 1 വർഷം<br>6 മാസം | 1 വർഷം<br>ഒ.എസ്.എ | പ്രധാനദ്ധ്യാപകൻ<br>അദ്ധ്യാപകർ | |
| മത്സരങ്ങളിൽ ഉയർന്ന വിജയം നേടൽ | മത്സരങ്ങൾക്ക് പരിശീലനം | 6 മാസം | പി.ടി.എ<br>ഒ.എസ്. എ<br>അദ്ധ്യാപകർ | | 5000 രൂപ |

## കലാകായിക പ്രവർത്തി പരിചയ

## പഠന പാക്കേജുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| 1 . സ്കൂൾ ഗ്രൗണ്ടിൽ കോർട്ടുകൾ സ്ഥാപിച്ച പരിശീലനം | ഫുട്ബോൾ വോളിബോൾ എന്നിവയ്ക്ക് പരിശീലനം നൽകൽ | 1വർഷം | പി.ടി.എ | പഞ്ചായത്ത് | 50000 രൂപ |
| 2. അഭിനയ കളരി | അനുയോജ്യമായ ഒരു നാടകം തെരെഞ്ഞെടുത്ത് അവതരിപ്പിക്കുന്നു. | 1 മാസം | അധ്യാപകർ | അധ്യാപകർ | 500 രൂപ |
| 3. ഫാബ്രിക്ക് പെയിന്റ് പരിശീലനം | ഡ്രോയിംഗ് ക്ലാസ്സുകൾ ഫാബ്രിക്ക് പെയിന്റ് വെജിറ്റബിൾ പ്രിന്റിങ് ക്ലാസ്സുകൾ | 3 മാസം | പി.ടി.എ<br>ഒ . എസ്.എ | പി.ടി .എ<br>ഒ .എസ്.എ | |
| 4. യോഗ | യോഗ പരിശീലനം നൽകൽ | 1 വർഷം | OSA | OSA | |
| 5.ചെസ്സ് | ചെസ്സ് പരിശീലനം നൽകൽ | 1 വർഷം | A E O | school | 5000 രൂപ |
| 6. സൂമ്പ | സൂമ്പ ഡാൻസ് പരിശീലനം | 1 വർഷം | അധ്യാപകർ<br>PTA | school | |
| 7. സർഗവേദി | കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തുക നേതൃത്വം :- വിദ്യാർത്ഥികൾ | മാസത്തിലൊരിക്കൽ | അധ്യാപകർ<br>PTA<br>MPTA | PTA | |

# നേതൃത്വ പരിശീലന പരിപാടികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| നേതൃത്വ പാടവം വളർത്തുക | പ്രസംഗ പരിശീലനം മോട്ടിവേഷണൽ ക്ലാസുകൾ | 3 മാസത്തിലൊരിക്കൽ | അധ്യാപകർ എസ് എസ് എ | പഞ്ചായത്ത് എസ് എസ് എ | 5000 രൂപ |
| കൗൺസിലിംഗ് നൽകൽ | സാമൂഹികമായിപിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ അവർക്ക് നിരന്തരം കൗൺസിലിംഗ് നൽകൽ | 1 വർഷം | റിസോഴ്സ് അധ്യാപകർ | എസ് എസ് എ | |
| ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക | വൈകല്യമനുഭവിക്കുന്നവരുടെ കഴിവുകൾ തിരിച്ചറിയൽ അവർക്കുള്ള പരിശീലന ക്ലാസുകൾ ലഘു വ്യായാമവും ചെറിയ ജോലികളും നൽകൽ | 1 വർഷം | അധ്യാപകർ റിസോഴ്സ് അധ്യാപകർ | അധ്യാപകർ എസ് എസ് എ | |
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക | കുട്ടിയുടെ കുട്ടിയുടെ മികവുകൾ സ്കൂൾ യൂട്യൂബ് / മറ്റു സാമൂഹ്യ മാധ്യമങ്ങൾ വഴി സമൂഹവുമായി പങ്കുവെക്കൽ | ജൂൺ- മാർച്ച് | അധ്യാപകർ SRG | അധ്യാപകർ PTA | |

# ***Learning English Language***

| Aim | Activity | Period | Support | Resource | Financial Aid |
|---|---|---|---|---|---|
| Learning English alphabets simple words | Using more worksheets for each lesson giving story books in the class for regular reading | Daily works | Teacher | Text books Children's books | PTA |
| To get language ability | Practicing special worksheets. Seeing short films to hear the use of language in the class | Daily works Occasional work | Teacher | Text books English short film CDs | No need of special financial aid |
| To make the language more effective | Loud reading of simple English books worksheet completion in the class | Daily works | Teacher | Textbook Teacher Local text | PTA |
| Sufficient Vocabulary | word game words study using computer spelling contests making crossword puzzles Dictionary making using the words of the textbook | 1 year | Teacher | Textbook ICT | PTA |
| Spoken English | speech ¶conversation conduct | 1 year | Teacher | ICT | |

# <u>ആരോഗ്യ ശുചിത്വ പരിപാടികൾ</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| ആരോഗ്യ ശീലങ്ങൾ രൂപപ്പെടുത്തൽ | 1 ഹെൽത്ത് ഇൻസ്പെക്ടർ തെരഞ്ഞെടുക്കൽ<br>2 നഖം കൈകാലുകൾ എന്നിവ പരിശോധിച്ച പോയിൻറ് രേഖപ്പെടുത്തൽ<br>3 ശുദ്ധജലം ലഭ്യമാക്കൽ<br>4 ഹെൽത്ത് ചെക്കപ്പുകൾ<br>5 ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ | 1 ദിവസം<br>ഓരോ മാസവും<br>1 വർഷം<br>വർഷത്തിൽ 2തവണ | അധ്യാപകർ<br>ക്ലാസ് പ്രതിനിധി ഉച്ചഭക്ഷണ കൺവീനർ<br>പിടിഎ | അധ്യാപകർ<br>വിദ്യാർത്ഥികൾ<br>ആരോഗ്യവകുപ്പ് | |
| ശുചിത്വമുള്ള തലമുറയെ വാർത്തെടുക്കൽ | 1 പ്ലാസ്റ്റിക് വിമുക്ത വിദ്യാലയമാക്കൽ<br>2പേപ്പർ ബാഗ് നിർമ്മാണം<br>3 വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കൽ<br>4 മാലിന്യങ്ങൾ വെവേറെ തരംതിരിച്ച് ശേഖരിക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ<br>പിടിഎ<br>ഒഎസ് എ<br>പഞ്ചായത്ത്<br>ബ്ലോക്ക് | അധ്യാപകർ<br>പിടിഎ<br>ഒഎസ് എ അംഗങ്ങൾ<br>പഞ്ചായത്ത് അധികൃതർ | 1000 രൂപ |
| ശരിയായ ഭക്ഷണശീലത്തെക്കുറിച്ച് അറിവ് നിർമ്മാണം | ആരോഗ്യ ക്ലാസുകൾ അടുക്കളത്തോട്ടം | ജൂലൈ - മാർച്ച് | അധ്യാപകർ<br>MPTA<br>PTA | അധ്യാപകർ<br>ഒഎസ് എ അംഗങ്ങൾ എം പി ടി എ | |
| പ്രഥമ ശുശ്രൂഷയെ കുറിച്ചുള്ള ധാരണ നേടൽ | വിദഗ്ധരുടെ ക്ലാസുകൾ<br>വീഡിയോ പ്രദർശനം<br>പ്രഥമ ശുശ്രൂഷ കിറ്റ് ലഭ്യമാക്കൽ | 1 വർഷം | MPTA<br>PTA<br>അധ്യാപകർ | അധ്യാപകർ | |

## <u>ഗണിത ശാസ്ത്ര പഠനം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| എണ്ണൽ എന്ന ഗണിത ആശയം സംഖ്യാബോധം രൂപീകരിക്കൽ | നിശ്ചിത എണ്ണം വസ്തുക്കൾ തെരഞ്ഞെടുക്കുന്നത് ചിത്രങ്ങളിൽ നിന്നും എണ്ണം അറിയുന്നത് | സമയബന്ധിതമായി നടപ്പിലാക്കേണ്ടത് | അധ്യാപകർ | കുട്ടികളുടെ ഗണിത പുസ്തകം ഗണിത കിറ്റിലെ സാമഗ്രികളും | പി ടി എ |
| കൂട്ടലും കുറയ്ക്കലും പരിശീലിപ്പിക്കുന്നതിന് | സംഘടന, വ്യവകലനം വരുന്ന പ്രത്യേക മൊഡ്യൂൾതയ്യാറാക്കി പരിശീലിപ്പിക്കുന്നു. പലതരം ചോദ്യങ്ങൾ തയ്യാറാക്കുന്നു | തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തേണ്ടത് | അധ്യാപകർ | അനുയോജ്യമായ വെബ്സൈറ്റുകൾ | പി ടി എ |
| ഗുണനക്രിയ ജാമിതീയ രൂപങ്ങൾ പരിപോഷിപ്പിക്കൽ | മനക്കണക്കുകൾ, പ്രായോഗിക പ്രവർത്തനങ്ങൾ എന്നിവ നൽകുന്നു. ജാമിതീയ രൂപങ്ങൾ തയ്യാറാക്കുന്നു. | തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തേണ്ടത് | അധ്യാപകർ | അനുയോജ്യമായ വെബ്സൈറ്റുകൾ | പി ടി എ |
| പാറ്റേണുകളുടെ ഗണിത ചിന്തകൾ ഹരണം മറ്റു അടിസ്ഥാന ക്രിയകൾ | പാറ്റേണികളുടെ രൂപീകരണം. ഹരണം പങ്കുവെക്കൽ ആണ് എന്ന് ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങൾ | മധ്യകാല പ്രവർത്തനം തുടർ പ്രവർത്തനം | അധ്യാപകർ | പാഠപുസ്തകം, ഹാൻഡ് ബുക്ക്, ഐ സി ടി , സാധ്യത | പി ടി |

ശാസ്ത്രം മൂല / പരിസര പഠന കിറ്റ്

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസികരവുമാക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരിക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴവൻ | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ<br>SRG<br>HM PTA | PTA<br>SSA |

ശാസ്ത്ര യാത്ര

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വരവളർത്തൽ | നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കാട് വയൽ കുളം etc) | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ<br>PTA |

ശാസ്ത്രോത്സവം

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്ര പതിപ്പ് ചാർട്ട് ആൽബം പാഠോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

**Readers Theatre**

| | | | | |
|---|---|---|---|---|
| Let's read | Read and understand the given stories and poems | June - March | Class teacher | |

**English fest**

| | | | | |
|---|---|---|---|---|
| To increase self confidence to speak & write in english | • Reading competition<br>• Writing competition<br>• Skit , Drama, recitation etc | March | PTA<br>HM<br>SRG<br>Class teacher | PTA |

**English Magazine**

| | | | | |
|---|---|---|---|---|
| Develop the skills of creative writing | Magazine | Once in every 3 months | HM<br>Class Teacher<br>SMC | SMC |

ഗണിത മേള

| | | | | |
|---|---|---|---|---|
| ഗണിത ശേഷി കളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ SRG | PTA |

ലളിതം ഗണിതം

| | | | | |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽച തുഷ്ടിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ PTA | |

ശില്പശാല

| | | | | |
|---|---|---|---|---|
| പഠനോപകരണങ്ങ ളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങ ളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | PTA |

## English Std (III & IV)

| AIM | ACTIVITIES | DURATION | RESPONSE | ECONOMIC |
|---|---|---|---|---|
| **English Assembly** | | | | |
| To improve the skills of LSRW in english | To conduct assembly in english once in a week | June - March | Class Teacher | |
| **English Diary** | | | | |
| To improve writing skills without any mistakes | Write diary about their daily life activities ( home & school) | Once in a week | Class Teacher | |
| **English Theatre** | | | | |
| Nourish the creative work | To present the discourses related to the english chapters ( Skit, Drama, Conversation, Story Telling) | Every Month | Class Teacher | SMC |
| **English Magazine** | | | | |
| | Magazine | Once in every 3 mont :. :hs | HM<br>Class Teacher<br>SMC | SMC |

| | | | | |
|---|---|---|---|---|
| | | | | |

**Readers Theatre**

| | | | | |
|---|---|---|---|---|
| Let's read | Read and understand the given stories and poems | June - March | Class Teacher PTA | |

**English Writing**

| | | | | |
|---|---|---|---|---|
| Improves writing skills in english | Writing letters to their friends about the day celebrations/ special days of the school | Once in a month | Class Teacher | PTA |

# തനതു പ്രവർത്തനം

## std 3 & 4

മലയാളം

ലക്ഷ്യങ്ങൾ

- ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കുക.
- മഹാമാരിയെ തുടർന്നുണ്ടായ ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കുക
- ആശയ ഗ്രഹണത്തോടെ വായിക്കുവാനും എഴുതുവാനും കഴിവുണ്ടാവുക
- ലഘു കവിതകളും കഥകളും എഴുതുവാൻ പ്രാപ്തരാക്കുക

| പഠനനേട്ടം | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|
| കഥ അക്ഷരസ്ഫുടതയോടെയും ആശയ വ്യക്തതയോടെയും വായിക്കുന്നു | കുട്ടികളുടെ നിലവാരത്തിലുള്ള വായനക്കാർഡുകൾ / കഥകൾ കണ്ടെത്തി ദിവസവും ക്ലാസ്സിൽ അല്ലെങ്കിൽ അസംബ്ലിയിൽ വായിക്കുവാൻ അവസരം നൽകുന്നു | ജൂലൈ - മാർച്ച് |
| ലഘു വിവരണങ്ങൾ എഴുതി അവതരിപ്പിക്കുന്നു | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവരണങ്ങൾ തയ്യാറാക്കുകയും വായിച്ച് അവതരിപ്പിക്കുകയും ചെയ്യുന്നു<br>• പരിചിതമായ നാടോടി കഥകൾ സ്വന്തം ഭാഷയിൽ എഴുതി അവതരിപ്പിക്കുന്നു | ആഗസ്റ്റ് - നവംബർ |
| സ്വന്തമായി കഥയെഴുതി അവതരിപ്പിക്കുന്നു | സ്വന്തമായി എഴുതിയ കഥകൾ അസംബ്ലിയിൽ / സർഗ്ഗ വേദിയിൽ അവതരിപ്പിക്കുന്നു | ജൂൺ-മാർച്ച് |
| സർഗാത്മക ഡയറി എഴുതൽ | ഒരു ദിവസത്തെ പ്രധാന സംഭവങ്ങൾ അതിൻറെ വൈകാരികതയോടെ കഥ കവിത വിവരണം തുടങ്ങി കുട്ടികൾക്ക് ഇഷ്ടമുള്ള വ്യവഹാര രൂപത്തിൽ എഴുതുന്നു | ജൂൺ - മാർച്ച് |
| പതിപ്പ് തയ്യാറാക്കൽ | • വിദ്യാലയ വിശേഷങ്ങൾ ക്ലാസ്സിലെ വിവരങ്ങൾ പാഠപുസ്തകം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ക്ലാസ് തല പതിപ്പ് ഒരുക്കൽ<br>• ആശയങ്ങൾ വിവിധതരത്തിൽ | ജൂൺ - മാർച്ച് |

| | | |
|---|---|---|
| | ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | |
| സർഗ്ഗ വേള | • എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക<br>• വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായന കുറിപ്പ് / വായനക്കാർഡ് തയ്യാറാക്കൽ | ജൂൺ - മാർച്ച് |
| ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന, പത്രവായന | കുട്ടികളിൽ പത്രവായന പ്രോത്സാഹിപ്പിക്കുന്നതിനായി അസംബ്ലിയിൽ പത്രവായനക്ക് അവസരം നൽകുന്നു. | ജൂലൈ - മാർച്ച് |

## ഭാഷാശേഷി വികസനം - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| ചിത്ര വായിലേക്ക് പ്രാധാന്യം | ചിത്രങ്ങൾക്ക് ലളിതമായ അടിക്കുറിപ്പ് എഴുതൽ | ആഗസ്റ്റ് -ഒക്ടോബർ | അധ്യാപിക | ചിത്രങ്ങളുള്ള കാർഡുകൾ വരച്ച ചിത്രങ്ങൾ | PTA |
| വായന കാർഡുകളുടെ സഹായത്താലുള്ള കഥപറയൽ | ക്ലാസിൽ എല്ലാ ദിവസവും വായനാ കാർഡിലെ ചെറിയ കഥകൾ വായിക്കുന്നു | ജൂൺ മുതൽ | അധ്യാപിക | ചെറിയ കഥകൾ ഉള്ള ചിത്രകഥ കാർട്ടുകൾ | PTA |
| സചിത്ര പുസ്തകത്തിലെ ചിത്രങ്ങൾ | കുട്ടികൾ വരച്ചോ ഒട്ടിച്ചോ തയ്യാറാക്കുന്ന ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കുന്നു | ജൂൺ മുതൽ സെപ്റ്റംബർ വരെ | അധ്യാപക | സജിത നോട്ട് പുസ്തകം | PTA |
| സംയുക്ത ഡയറി എഴുത്തിലൂടെയുള്ള ഭാഷാ വികസനം | സംയുക്ത ഡയറി ക്ലാസ്സിൽ ദിവസവും വായിക്കുന്നു | ജൂൺ മുതൽ | അധ്യാപിക | സംയുക്ത ഡയറി | PTA |
| ഭാഷോത്സവം | കുട്ടികളുടെ ഭാഷാപരമായ വികസനത്തിന് വിവിധ discourse ലൂടെ അവതരിപ്പിക്കുന്നു | വർഷത്തിൽ ഒരിക്കൽ | അധ്യാപക PTA | | PTA |

## ഉപസംഹാരം

മുള്ളൂർ ജി എൽ പി എസിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ മുന്നോടിയായി യാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സംഘടിപ്പിക്കുന്നത്. വ്യക്തമായ ആസൂത്രണങ്ങളോടെ ഇതിലെ ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കാനായാൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിദ്യാലയമായി മാറും എന്നതിൽ സംശയമില്ല. 4 കി.മി. ചുറ്റളവിൽ ഉള്ള ഏക പൊതുവിദ്യാലയം ആകയാൽ ഈ വിദ്യാലയത്തെ ഒരു യുപി വിദ്യാലയമാക്കി എത്രയും പെട്ടെന്ന് ഉയർത്തേണ്ടത് ഉണ്ട് . കൂടാതെ ഗവ. അംഗീകൃത പ്രീ പ്രൈമറിയും കൂടി രൂപീകൃതമായാൽ ഇവിടത്തുകാർ മറ്റു വിദ്യാലയങ്ങൾ തേടി പോകില്ല. പൊതു വിദ്യാലയം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ വിദ്യാലയത്തിനു വേണ്ടി പ്രവർത്തിക്കുന്നവർ യഥാർത്ഥത്തിൽ ക്ഷേമ രാഷ്ട്ര നിർമ്മാണം നടത്തുകയാണ് ചെയ്യുന്നത് എന്ന ഉത്തമ ബോധ്യത്തോടെ ഈ പ്ലാൻ തയ്യാറാക്കാൻ സഹകരിച്ചവർക്കെല്ലാം ഒറ്റവാക്കിൽ നന്ദിയർപ്പിക്കുന്നു.